# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 2

# വാർത്താക്കുറിപ്പ്

**പ്രാക്ടിക്കൽ**

2018 ഡിസംബറിൽ നടന്ന അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്‌സി. (2017 അഡ്മിഷൻ റഗുലർ/2014-2016 അഡ്മിഷൻ റീഅപ്പിയറൻസ്/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് ആറ്, ഏഴ് തീയതികളിൽ ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളേജ്, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ് എന്നിവിടങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/428/2019)

മൂന്ന്, അഞ്ച്, ഏഴ്, എട്ട് സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി/മേഴ്സി ചാൻസ്) ജനുവരി 2019 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് അഞ്ചുമുതൽ ആരംഭിക്കും. സിവിൽ എൻജിനീയറിംഗ് (സോൺ I ആർ.ഐ.ടി. പാമ്പാടി), കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ് ഇൻഫർമേഷൻ ടെക്നോളജി (സോൺ II എം.എ.സി.ഇ. കോതമംഗലം), ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിംഗ് (സോൺ III എസ്.സി.എം.എസ്. ആലുവ). വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/429/2019)

**വൈവാവോസി**

ഒന്നാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി) നവംബർ 2018 പരീക്ഷയുടെ വൈവാവോസി മാർച്ച് അഞ്ചിന് ശ്രീശങ്കരാ കോളേജിൽ നടക്കും.

(പി.ആർ.ഒ./39/430/2019)

## മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് അവാർഡ് വിതരണം മാർച്ച് ഏഴിന് കോട്ടയത്ത്

കേരളത്തിലെ മികച്ച സർവകലാശാലയ്ക്ക് ഗവർണർ നൽകുന്ന ചാൻസലേഴ്സ് അവാർഡ് വിതരണം മാർച്ച് ഏഴിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. 2017-18ലെ മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് അവാർഡ് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കും മികച്ച എമർജിംഗ് യങ് സർവകലാശാലയ്ക്കുള്ള അവാർഡ് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവകലാശാലയ്ക്കും സമ്മാനിക്കും.

അഞ്ചുകോടി രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് ചാൻസലേഴ്സ് അവാർഡ്. ഒരു കോടി രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് മികച്ച എമർജിംഗ് യങ് സർവകലാശാലയ്ക്കുള്ള അവാർഡ്. രാവിലെ 10ന് സർവകലാശാല അസംബ്ലിഹാളിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം, മുഖ്യമന്ത്രി പിണറായി വിജയൻ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ എന്നിവർ പങ്കെടുക്കും.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. സി.എൻ.ആർ. റാവുവിന്റെ നേതൃത്വത്തിലുള്ള ഒൻപതംഗ സെലക്ഷൻ കമ്മിറ്റിയാണ് ചാൻസലേഴ്സ് അവാർഡിനായി മികച്ച

സർവകലാശാലകളെ തെരഞ്ഞെടുത്തത്. 2015ലാണ് ചാൻസലേഴ്സ് അവാർഡ് ഏർപ്പെടുത്തിയത്. ഇത് രണ്ടാം തവണയാണ് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് അവാർഡ് ലഭിക്കുന്നത്.

(പി.ആർ.ഒ./39/431/2019)

**സജീവ് പി.കെ.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)